# ഖുർആൻ ലേണിംഗ് സ്കൂൾ

**ഖത്തർ ചാപ്റ്റർ സംഘടിപ്പിക്കുന്ന**

# വെളിച്ചം

**വിശുദ്ധ ഖുർആൻ സമ്പൂർണ വിജ്ഞാന പരീക്ഷ**

www.velicham.net Mob: 77299913, 55804719 E Mail: thelightqatar@gmail.com

## ചോദ്യപേപ്പർ 2

| | | |
|---|---|---|
| പരീക്ഷാനമ്പർ | : | *02 / 20* |
| മാസം | : | സെപ്റ്റംബർ – ഒക്ടോബർ 2011 |
| പ്രസിദ്ധീകരിക്കുന്ന തിയ്യതി | : | 01 സെപ്റ്റംബർ 2011 |
| ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തിയ്യതി | : | 10 ഒക്ടോബർ 2011 |
| ചോദ്യമേഖല | : | മർഹൂം മുഹമ്മദ് അമാനി മൗലവിയുടെ വിശുദ്ധ ഖുർആൻ വിവരണം ഒന്നാംവാള്യം പേജ് 118 മുതൽ 352 വരെ (സൂറത്തുൽ ബഖറ ആയത്ത് 1 മുതൽ 220 വരെ) |
| ആകെ മാർക്ക് | : | 150 |
| ഫലപ്രഖ്യാപനം | : | 31 ഒക്ടോബർ 2011 |

---

വിശുദ്ധ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് നിങ്ങളിൽ ഉത്തമർ–മുഹമ്മദ്നബി (സ)

ആരെങ്കിലും ഈ ഗ്രന്ഥത്തെ (ഖുർആനിനെ) മുന്നിൽ വെച്ചാൽ അത് അയാളെ സ്വർഗ്ഗത്തിലേക്ക് നയിക്കും ആരെങ്കിലും ഈ ഗ്രന്ഥത്തെ പിന്തള്ളിയാൽ അത് അയാളെ നരകത്തിലേക്ക് തെളിക്കും. (നബിവചനം)

നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. നിശ്ചയം അത് അന്ത്യനാളിൽ അതിന്റെ ആളുകൾക്ക് ശുപാർശകനായിരിക്കും. (നബിവചനം)

# ഖുർആൻ ലേണിംഗ് സ്കൂൾ

## ഖത്തർ ചാപ്റ്റർ സംഘടിപ്പിക്കുന്ന

# വെളിച്ചം

## വിശുദ്ധ ഖുർആൻ സമ്പൂർണ്ണ വിജ്ഞാന പരീക്ഷ

www.velicham.net Mob: 77299913, 55804719 E Mail: thelightqatar@gmail.com

### രണ്ടാമത് പരീക്ഷയുടെ ചോദ്യങ്ങൾ

പരീക്ഷ നമ്പ്ര്: 02/20 പീരിയഡ് : സെപ്തംബർ- ഒക്ടോബർ -2011

### (1 മുതൽ 50 വരെ ചോദ്യങ്ങൾക്ക് 1 മാർക്ക് വീതം)

1 ഖുർആൻ പാരായണശാസ്ത്രത്തിന്റെ പേര് ?

2 ഒരാൾക്ക് അയാളുടെ സ്വത്തിന്റെ എത്ര ഭാഗം വരെ ഒസ്യത്തായി നൽകാം ?

3 സമ്പത്ത് മുഴുവനും മക്കയിൽ ഉപേക്ഷിച്ച് മദീനയിലേക്ക് ഹിജ്റപോയ സഹാബി ?

4 മനുഷ്യനെ സൃഷ്ടിച്ചത് എന്തിൽ നിന്നാണെന്നാണ് സൂറത്തുഹിജ്റിൽ പറയുന്നത്.

5 ഇസ്രാഈൽ എന്നറിയപ്പെടുന്ന പ്രവാചകന്റെ പിതാവ് ?

6 ഖുർആനിൽ എത്ര സൂറത്തുകൾ അലിഫ്– ലാം– മീം പോലെ കേവലാക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്നുണ്ട് ?

7 നിന്നെ നാം ഭൂമിയിൽ ഖലീഫയാക്കിയിരിക്കുന്നു. അതിനാൽ നീ ജനങ്ങൾക്കിടയിൽ യഥാർത്ഥ പ്രകാരം വിധിക്കുക. ഇത് ആരോടുള്ള കൽപ്പനയാണ്?

8 ഇസ്രായീൽ സമൂഹത്തിന് അല്ലാഹു ഭക്ഷണമായി നൽകിയ പക്ഷി ?

9 അല്ലാഹുവേ, അദ്ദേഹത്തെ റൂഹുൽ ഖുദുസിനെ കൊണ്ട് ബലപ്പെടുത്തണേ എന്ന് നബി (സ) ആർക്ക് വേണ്ടിയാണ് പ്രാർത്ഥിച്ചത് ?

10 മസ്ജിദ് എന്ന വാക്കിന്റെ അർത്ഥം ?

11 നോമ്പ് നോൽക്കാൻ കഴിയാത്തയാൾ എന്താണ് പ്രായശ്ചിത്തം നൽകേണ്ടത് ?

12 മക്കാവിജയ യാത്രയിൽ നബി (സ) വെള്ളം കുടിച്ച് നോമ്പ് അവസാനിപ്പിച്ചത് ഏത് സ്ഥലത്ത് വെച്ചായിരുന്നു?

13 അവ മനുഷ്യർക്കും ഹജ്ജിനുമുള്ള സമയ നിർണയങ്ങളാകുന്നു. എന്ത് ?

14 ഹുദൈബിയാ സന്ധി ഹിജ്റ എത്രാം വർഷത്തിലായിരുന്നു ?

15 ബധിരന്മാർ, ഊമകൾ, അന്ധൻമാർ– അവർ ബുദ്ധികൊടുത്ത് ഗ്രഹിക്കുകയില്ല– ഇത് ആരെ പറ്റിയാണ് ?

16 തമത്തുഅ് ആയി ഹജ്ജ് ചെയ്യുന്നവർ ബലിയറുക്കാൻ സാധിക്കാത്തപക്ഷം എന്താണ് പ്രായശ്ചിത്തം ചെയ്യേണ്ടത് ?

17 ഹിജ്റ എത്രാം കൊല്ലത്തിലാണ് ഖിബ്‌ലമാറ്റം ഉണ്ടായത് ?

18 ഇസ്രാഈല്യർ 'സിബ്ത് 'എന്ന് പറയുന്നത് പോലെ അറബികൾ അവരുടെ ഗോത്രങ്ങൾക്ക് എന്തായിരുന്നു പറഞ്ഞിരുന്നത് ?

19 ജാഹിലിയ്യാ കാലത്ത് മർവയിൽ സ്ഥാപിച്ചിരുന്ന വിഗ്രഹം ?

20 കഅബ നിർമ്മാണത്തിൽ ഇബ്രാഹീം നബി ചവിട്ടി നിന്ന കല്ലിനെ പരാമർശിക്കുന്ന അബൂത്വാലിബിന്റെ കവിത ?

21 ഒരു കാര്യം സത്യമെന്ന് സമ്മതിക്കുന്നതിന് ഭാഷയിൽ എന്ത് പറയുന്നു ?

22 അസ്‌വാജ് എന്ന പദത്തിന്റെ ഏക വചനം ?

23 മൂസാ നബിയുടെ സമൂഹത്തിൽ പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുവാൻ

നേതൃത്വം നൽകിയ ആൾ?

24 ഭർത്താവ് മരണപ്പെട്ട സ്ത്രീയുടെ ഇദ്ദകാലം എത്ര ?

25 ശിആ കക്ഷിയിലെ അതിരു കവിഞ്ഞ ഒരു വിഭാഗം ?

26 വേദഗ്രന്ഥത്തിൽ നിന്ന് മറച്ചുവെക്കുന്നവർ എന്തിന് പകരമാണ് ശിക്ഷ വാങ്ങിയത് ?

27 ഖുർആൻ അവതരിച്ചത് ഒരു അനുഗ്രഹീത രാത്രിയിലാണെന്ന് അല്ലാഹു

പ്രസ്താവിച്ചത് ഏത് അദ്ധ്യായത്തിലാണ് ?

28 ഹിജ്റ എട്ടാം വർഷം ഉംറക്ക് പോയ പ്രവാചകൻ എവിടെ വെച്ചാണ്

ഇഹ്റാമിൽ പ്രവേശിച്ചത് ?

29 ഇസ്രാഈൽ സമൂഹത്തോട് അറുക്കുവാൻ പറഞ്ഞ പശുവിന്റെ നിറം ?

30 മദീനയിൽ കപടവിശ്വാസികളുടെ നേതാവ് ആരായിരുന്നു ?

31 സ്വലാത്ത് എന്ന പദത്തിന് ഭാഷയിൽ അർത്ഥമെന്ത് ?

32 തന്റെ ജനത പശുക്കുട്ടിയെ ആരാധിച്ചതിൽ ഖേദം പ്രകടിപ്പിക്കുവാൻ പുറപ്പെടുമ്പോൾ മൂസാ നബി എത്രപേരെയാണ് കൊണ്ട് പോയത് ?

33 പരിശുദ്ധാത്മാവിനാൽ നാം അദ്ദേഹത്തെ ബലപ്പെടുത്തിയിരിക്കുന്നു. ആരെ ?

34 യഅ്ഖൂബ് നബിയുടെ പിതാവ് ആര് ?

35 അല്ലാഹു നേർമാർഗ്ഗത്തിലാക്കിയവർക്കൊഴികെ അത് വലിയകാര്യമാകുന്നു. ഏത് ?

36 ഹാജിമാർ അറഫയിൽ സമ്മേളിക്കുന്ന ദിവസം ഏത് ?

37 ബനൂഖൈനുഖാഅ് ഗോത്രം ഏത് അറബി ഗോത്രവുമായിട്ടായിരുന്നു

സഖ്യമുണ്ടായിരുന്നത് ?

38 ഇസ്രാഈൽ എന്ന പദത്തിന്റെ അർത്ഥം.

39 മരണപ്പെട്ടയാളുടെ സ്വത്തിൽ നിന്ന് ആൺകുട്ടിക്ക് എത്ര ലഭിക്കും ?

40 കൊലയേക്കാൾ കഠിനമായിട്ടുള്ളത് എന്താണ് ?

41 വുളുവിനും കുളിക്കും വെള്ളം കിട്ടാത്തപ്പോൾ തയമ്മും ചെയ്യണമെന്ന കല്പന ഏത് സൂറത്തിൽ എത്രാമത്തെ ആയത്തിൽ ?

42 മഹ്റൂഫ് എന്ന പദത്തിന്റെ വിപരീതം.

43 ബധിരന്മാർ, ഊമകൾ, അന്ധന്മാർ അവർ മടങ്ങുകയില്ല ഇത് ആരെ സംബന്ധിച്ചാണ് ?

44 ഇബ്‌ലീസ് ഏത് വർഗ്ഗത്തിൽപെട്ടവനാണ് ?

45 മസ്ഫൂഹ് എന്ന വാക്കിന്റെ അർത്ഥമെന്ത് ?

46 നൂറ് കൊല്ലം മരണമടഞ്ഞ് കിടന്നശേഷം ജീവിപ്പിച്ചത് ആരെ ?

47 ഖബീഥ് എന്ന വാക്കിന്റെ വിപരീതം.

48 ഏ വിശ്വസിച്ചവരെ, നിങ്ങൾ റാഇനാ എന്ന് പറയരുത്. പിന്നെ എന്താണ് പറയേണ്ടത് ?

49 ഈ പരീക്ഷാഭാഗത്ത് ആറു പ്രവാചകൻമാരുടെ പേർ പറയുന്ന ആയത്തിന്റെ നമ്പർ.

50 ഖിബ്‌ല മാറ്റത്തിന്റെ നിർദ്ദേശം വന്നപ്പോൾ നബി (സ) കഅബ യിലേക്ക് തിരിഞ്ഞ് ആദ്യം നമസ്കരിച്ചത് ഏത് നമസ്കാരമായിരുന്നു ?

## ( 51 മുതൽ 75 വരെ ചോദ്യങ്ങൾക്ക് 2 മാർക്ക് വീതം )

51 ത്വവാഫ് എന്നാൽ എന്ത് ?

52 മോക്ഷത്തിന്റെയും വിജയത്തിന്റെയും മാനദണ്ഡം.

53 തൽബിയ്യത്ത് എന്നാൽ എന്ത് ?

54 ഇഹ്സാൻ എന്നാൽ എന്ത് ?

55 നമസ്കാരത്തിലല്ലാതെ ഖിബ്‌ലക്ക് നേരെ തിരിയൽ നല്ലതായ രണ്ട് സന്ദർഭങ്ങൾ ഏവ ?

56 ഇഹലോകത്തിൽ അപമാനവും ഖിയാമത്ത് നാളിൽ അതികഠിനമായ ശിക്ഷയും ഉള്ളത് ആർക്കാണ് ?

57 ഇഅ്തികാഫിന് ഇസ്‌ലാമിലെ സാങ്കേതികമായ അർത്ഥം .

58 മിസ്കീൻ എന്നാൽ ആരാണ് .

59 ശാപം എന്നാൽ എന്ത് ?

60 ഔസുഗോത്രം സഖ്യത്തിലായിരുന്ന യഹൂദിഗോത്രങ്ങൾ ഏവ ?

61 കാഫിർ എന്ന പദത്തിന് രണ്ട് വിപരീത പദങ്ങൾ എഴുതുക.

62 ബാബിലോണിയയിലെ രണ്ട് മലക്കുകളുടെ പേരുകൾ എഴുതുക.

63 ഈ പരീക്ഷാഭാഗത്ത് ഒരേ ആയത്ത് രണ്ടിടത്ത് ആവർത്തിച്ചുവന്നിട്ടുണ്ട്. ആയത്ത് നമ്പറുകൾ എഴുതുക ?

64 സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യം തന്നെയെന്ന് നബി(സ) പറയുവാൻ കാരണമെന്ത് ?

65 ഇസാഫ് എന്നാൽ എന്ത് ?

66 പാപങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ചത് ഏതാണെന്ന് ചോദിച്ചപ്പോൾ നബി (സ) പറഞ്ഞ മറുപടി എന്ത് ?

67 ദാനധർമ്മങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് ഏതാണ് ?

68 ക്ഷമാലുക്കൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ എന്തായിരിക്കും പറയുക ?

69 മുബാഹല എന്നാൽ എന്ത് ?

70 അവർക്ക് ഇഹലോകത്തിൽ അപമാനവും പരലോകത്ത് വമ്പിച്ച ശിക്ഷയുമുണ്ട്. ആർക്ക്?

71 അയ്യാമുത്തശ്‌രീക്ക് എന്നറിയപ്പെടുന്ന ദിവസങ്ങൾ ഏവ ?

72 രണ്ട് തരം ക്ഷമകൾ ഏവ ?

73 അതിനെ നാം അതിന്റെ മുമ്പിലുള്ളവർക്കും പിമ്പിലുള്ളവർക്കും പാഠം നൽകുന്ന ശിക്ഷയാക്കി. ഏതിനെ ?

74 നമസ്കാരം എന്തിൽ നിന്ന് മനുഷ്യരെ തടയും.

75 ഇസ്തിർജാഅ് എന്നാൽ എന്ത് ?

**( 76 മുതൽ 90 വരെ ചോദ്യങ്ങൾക്ക് 3 മാർക്ക് വീതം )**

76 സജ്ജനങ്ങളുടെ സവിശേഷഗുണങ്ങൾ പറയുന്ന കൂട്ടത്തിൽ അവർ നടത്തുന്ന പ്രാർത്ഥനയും അല്ലാഹു പറഞ്ഞു. എന്താണ് ആ പ്രാർത്ഥനയുടെ അർത്ഥം.

77 മൂന്ന് തരം ജിഹാദുകൾ ഏവ ?

78 ദുആ തന്നെയാണ് ഇബാദത്ത് എന്നതിന് തെളിവായി പ്രവാചകൻ (സ) ഓതിയ ആയത്തിന്റെ അർത്ഥം എഴുതുക.

79 യുദ്ധം നിരോധിക്കപ്പെട്ട മാസങ്ങൾ എഴുതുക.

80 അലിഫ്- ലാം- മീം ഈ അക്ഷരങ്ങളെ സംബന്ധിച്ച് വന്നിട്ടുള്ള സ്വീകാര്യമായ ഒരു ഹദീസിന്റെ സാരം എഴുതുക.

81 അബൂസലമ മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ പ്രാർത്ഥിച്ച പ്രാർത്ഥനയുടെ അർത്ഥം എഴുതുക.

82 ഹജ്ജും ഉംറയും തമ്മിലുള്ള രണ്ട് വ്യത്യാസങ്ങൾ എഴുതുക.

83 നല്ലതായ പ്രാർത്ഥനക്ക് മൂന്നിൽ ഒരു കാര്യം അല്ലാഹു ചെയ്തുകൊടുക്കും. ഏതൊക്കെയാണ് ഈ മൂന്ന് കാര്യങ്ങൾ ?

84 രണ്ട് തവണ പ്രതിഫലം നൽകുമെന്ന് നബി(സ) പറഞ്ഞ മൂന്ന് വിഭാഗക്കാർ ആരെല്ലാം?

85 ഖുർ ആൻ പാരായണം ചെയ്യുമ്പോൾ മുറപ്രകാരമായിരിക്കുക എന്നതിൽ നാം ശ്രദ്ധിക്കേണ്ട ഏതെങ്കിലും മൂന്ന് കാര്യങ്ങൾ എഴുതുക.

86 ഹജ്ജിന്റെ മൂന്ന് രൂപങ്ങളുടെ പേര് എഴുതുക .

87 മന്നയും സൽവയും കൊണ്ട് തൃപ്തിപ്പെടാതെ ഇസ്രാഈൽ സമൂഹം ആവശ്യപ്പെട്ട മറ്റുവസ്തുക്കൾ ഏവ ?

88 ചില ആളുകളുടെ നാവും അധരങ്ങളും അഗ്നികൊണ്ടുള്ള കത്രികകളാൽ കത്രിക്കപ്പെടുന്നത് നബി(സ) കണ്ടു. ആരാണ് ഇക്കൂട്ടർ

89 അല്ലാഹു വഴികേടിലാക്കുന്ന തോന്നിവാസികളുടെ മൂന്ന് ദുസ്സമ്പ്രദായങ്ങൾ ഏവ ?

90 ഹജ്ജിൽ പ്രവേശിച്ചാൽ മൂന്ന് കാര്യങ്ങൾ അല്ലാഹു കർശനമായി നിരോധിച്ചിരിക്കുന്നു. അവ ഏവ?

91 അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവന് സമന്മാരെ ഉണ്ടാക്കരുത്. ഒരു പുറത്തിൽ കവിയാതെ കുറിപ്പ് തയ്യാറാക്കുക. **(അഞ്ച് മാർക്ക്)**

**φφφφφφφφφφ**